പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ. 5265 — 05.07.2012 -ൽ മറുപടിയ്ക്ക്

## ഖാദിക്ക് നൽകിവരുന്ന റിബേറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കെ. നാണു :<br>" ജോസ് തെറ്റയിൽ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>( സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേന്ദ്ര ഖാദി കമ്മീഷൻ ഉത്സവകാലത്ത് ഖാദിയ്ക്ക് നൽകി വരുന്ന റിബേറ്റുകൾ നിറുത്തലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ പുനസ്ഥാപിക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (എ) | 1-4-2010 മുതൽ റിബേറ്റിനു പകരം മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റൻസ് എന്ന സ്കീം ഖാദി കമ്മീഷൻ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | നിലവിൽ ഉണ്ടായിരുന്ന 35% റിബേറ്റ് ഉത്സവകാലത്ത് നിലനിർത്താൻ ആവശ്യമായ തുക നൽകുമോ; | (ബി) | സംസ്ഥാന ഗവൺമെന്റ് സാധാരണ റിബേറ്റായി 10% -വും ഉത്സവകാല റിബേറ്റായി 10%-വും നൽകുന്നു. കൂടാതെ ഖാദിബോർഡ് 10% എം.ഡി.എ. കൂടി നൽകുമ്പോൾ ഉത്സവകാലങ്ങളിൽ ഖാദിയ്ക്ക് 30% റിബേറ്റ് ഉപഭോക്താവിന് ലഭിക്കും. |
| (സി) | ഖാദിയുടെ ഉപയോഗം വർദ്ധിപ്പിക്കാൻ ആവശ്യമായ എന്തെല്ലാം നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | 1. കേന്ദ്ര ഖാദി കമ്മീഷൻ നിർത്തലാക്കിയ 10% റിബേറ്റ് സംസ്ഥാന സർക്കാർ നൽകുന്നുണ്ട്.<br>2. സംസ്ഥാന സർക്കാർ കേരള ജനതയോട് ഖാദി വസ്ത്രങ്ങൾ ധരിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.<br>3. സ്കൂളുകളിൽ വിദ്യാർത്ഥി/വിദ്യാർത്ഥിനികൾ |

ആഴ്ചയിലൊരിക്കൽ ഖാദി യൂണിഫോം ധരിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

4. സർക്കാർ ജീവനക്കാർ വാരാന്ത്യത്തിൽ ഖാദി വസ്ത്രങ്ങൾ ധരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ